Page 1 of 3

ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ സോഫ്റ്റ്വെയറുകൾ ജനസൗഹൃദമാക്കാൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള മാറ്റങ്ങൾ സമയോചിതമായി സോഫ്റ്റ്വെയറിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംയോജിത ജില്ലാ വികസന രൂപരേഖ

338 (338) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ വകുപ്പ് 53-ൽ പ്രതിപാദിക്കുന്നത് പ്രകാരമുള്ള ജില്ലാ പദ്ധതികൾ 2017-18 കാലയളവിൽ എല്ലാ ജില്ലകളിലും തയ്യാറാക്കിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്ന് 11-1-2021-ലെ സ.ഉ.(കൈ)നം.04/2021/തസ്വഭവ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 1996-ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന റിപ്പോർട്ടുകൾ തയ്യാറാക്കിയിരുന്നു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ പതിനാലാം പദ്ധതി പ്രവർത്തനത്തിന്റെ മുന്നൊരുക്കമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന റിപ്പോർട്ടുകൾ പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉറവിട മാലിന്യ സംസ്കരണം

339 (339) ശ്രീ. ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. ഗാർഹികതലത്തിൽ അഴുകുന്ന മാലിന്യത്തെ കലം കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പോർട്ടബിൾ ബിൻ, കിച്ചൺ ബിൻ, ബയോകമ്പോസ്റ്റർ, പൈപ്പ് കമ്പോസ്റ്റ്, പിറ്റ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിച്ച് വളവും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പാചക ഇന്ധനവും ഉത്പാദിപ്പിക്കുക വഴി ജനപങ്കാളിത്തത്തോടെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗ് ബയോഗ്യാസ് പ്ലാന്റുകളും ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു.

(ബി) ഉറവിട മാലിന്യ സംസ്കരണം എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ജനപങ്കാളിത്തത്തോടെ ഇത് വ്യാപകമാക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

ഉറവിട ജൈവമാലിന്യ സംസ്കരണം എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് ലക്ഷ്യമാക്കി ' മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന ക്യാമ്പയിനോടുകൂടിയാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി 2017 ആഗസ്റ്റ് മാസത്തിൽ 50 ലക്ഷം വീടുകൾ സന്ദർശിച്ച് ഉറവിടമാലിന്യ സംസ്കരണത്തിന്റെയും ഉറവിടത്തിൽ തരംതിരിവിന്റെയും സന്ദേശം കൈമാറുകയും തുടർന്ന് ഹരിതകർമ്മസേനയുൾപ്പെടെ വിപുലമായ ഭൗതീക സൗകര്യങ്ങൾ ഈ മേഖലയിൽ ഉണ്ടായി വന്നിട്ടുള്ളതുമാണ്. മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം ക്യാമ്പയിന്റെ രണ്ടാംഘട്ടം സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുകയും അജൈവ പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി പുറത്തിറക്കിയിട്ടുള്ള കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശേഖരിച്ച് സംസ്കരണത്തിന് അയയ്ക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന് പരമാവധി പ്രചരണം നൽകുക എന്നതാണ് രണ്ടാംഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് സ്വീകാര്യത വർദ്ധിപ്പിക്കുകയും അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനും രണ്ടാംഘട്ടത്തിൽ മുൻഗണന നൽകും. ഹരിതനിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവ രണ്ടാം ഘട്ടത്തിൽ സംഘടിപ്പിക്കും. നഗരസഭകളിൽ വാട്ട്സ് ആപ്പ് കൂട്ടായ്മകൾവഴിയും റസിഡന്റ്സ് അസോസിയേഷൻ വഴിയും സന്നദ്ധ സംഘടനകൾ വഴിയും ഉറവിട മാലിന്യ സംസ്കരണത്തിന് വ്യാപകമായ ബോധവത്കരണം നടത്തിവരുന്നു.

ദേവികുളം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

340(340) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

നീർത്തടാധിഷ്ഠിത ആസൂത്രണം

341 (341) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീർത്തടാധിഷ്ഠിത ആസൂത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് 2010-11 മുതൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഇപ്പോഴത്തെ പി.എം.കെ.എസ്.വൈ.-യുടെ നീർത്തട ഘടകം) നടപ്പിലാക്കിവരുന്നു. നിലവിലുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് സംയോജിത നീർത്തടപരിപാലന സമീപനം ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.